LIBRARY ARCHIVES Kerala Legislative Assembly

പുതിയ പോലീസ് സ്റ്റേഷനുകൾ

90 [816] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാനോ, നിലവിലുള്ള ഔട്ട് പോസ്റ്റുകൾ ചാർജിംഗ് സ്റ്റേഷനുകളായി ഉയർത്തുവാനോ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കൊല്ലം ജില്ലയിൽ കൊല്ലം ഈസ്റ്റ്, കിളികൊല്ലൂർ, കൊട്ടിയം എന്നീ മൂന്നു സ്റ്റേഷനുകളുടെ അതിർത്തിയായ തൃക്കോവിൽവട്ടം പഞ്ചായത്തിൽ ഡീസന്റ് ജംഗ്ഷനിൽ ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 59 സ്ഥലങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള പുതുക്കിയ മുൻഗണനാ ലിസ്റ്റിന് 6-1-2005-ലെ സ. ഉ. (സാധാ)58/2005/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. അതിൻപ്രകാരം പോലീസ് ഡയറക്ടർ ജനറലിൽ നിന്ന് ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് ചില പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള 15 പോലീസ് ഔട്ട് പോസ്റ്റുകൾ ഉയർത്തി പോലീസ് സ്റ്റേഷനുകൾ ആക്കുന്നതിന് പോലീസ് ഡയറക്ടർ ജനറൽ സമർപ്പിച്ച പ്രൊപ്പോസലിൽ സർക്കാർ അധിക വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചതായി കാണുന്നില്ല.

സി. ബി. ഐ. അന്വേഷണം സംബന്ധിച്ച വിവരം

91 [817] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 നു ശേഷം എത്ര കേസുകൾ സി. ബി. ഐ. അന്വേഷണത്തിന് വിട്ടിട്ടുണ്ട്; ഇവയേതെല്ലാമാണ്; ഇതിൽ എത്ര കേസുകളുടെ അന്വേഷണം പൂർത്തിയായിട്ടുണ്ട്;

(ബി) ഈ കാലയളവിൽ ഏതെല്ലാം കേസുകൾ ജുഡീഷ്യൽ അന്വേഷണത്തിന് വിട്ടിട്ടുണ്ട്; അന്വേഷണം പൂർത്തിയാക്കിയ കേസുകളുടെ എണ്ണം എത്ര എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കാലയളവിൽ വിജിലൻസ് ക്രൈം ബ്രാഞ്ച്, ക്രൈം ഡിറ്റാച്ച്മെന്റ്, സ്പെഷ്യൽ ബ്രാഞ്ച്, നാർകോട്ടിക് സെൽ എന്നീ വിഭാഗങ്ങളിൽ എത്ര കേസുകൾ അന്വേഷിച്ചു. ഇവയിൽ എത്ര കേസുകൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2001 നു ശേഷം 39 കേസുകൾ സി. ബി. ഐ. അന്വേഷണത്തിന് വിട്ടിട്ടുണ്ട്. പ്രസ്തുത കേസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. അന്വേഷണം പൂർത്തിയാക്കിയ കേസുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.